പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:259

19.06.2014-ൽ മറുപടിയ്ക്ക്

## കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ.തോമസ് ഉണ്ണിയാടൻ<br>,, മോൻസ് ജോസഫ്<br>,, സി.എഫ്. തോമസ്<br>,, റ്റി.യു. കുരുവിള | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| പരമ്പരാഗത കയർ തൊഴിലാളികൾക്ക് കൂടുതൽ അടിസ്ഥാന സൗകര്യങ്ങളും തൊഴിൽപരമായ സുരക്ഷയും നൽകുന്നതിന് എന്തെല്ലാം പുതിയ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ? | കയർ മേഖലയിലെ തൊഴിലാളികളുടെ അദ്ധ്വാന ഭാരം ലഘൂകരിക്കുന്നതിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി സംഘങ്ങൾക്ക് വർക്ക്ഷെഡ്, ടോയ്‌ലറ്റ് ആധുനിക പണി സാമഗ്രികൾ എന്നിവ നൽകുന്നതാണ്. തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കി തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി സംഘങ്ങൾക്ക് നൽകിയിരുന്ന പ്രവർത്തന മൂലധന ഗ്രാന്റിന്റെ പരിധി വർദ്ധിപ്പിച്ച് നൽകിയും തൊഴിലാളികളുടെ കൂലിയിൽ ഗണ്യമായ വർദ്ധനവ് വരുത്തി, കൂലിയുടെ ഒരു വിഹിതം സർക്കാർ തന്നെ അവരുടെ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ച് വരുമാന താങ്ങൽ പദ്ധതി നടപ്പാക്കിക്കൊണ്ടും തൊണ്ട് സംഭരണ പദ്ധതി പരിഷ്കരിച്ച് നടപ്പാക്കിക്കൊണ്ടും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനു കൂടി ലക്ഷ്യമിട്ട് സബ്സിഡി നിരക്കിൽ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കിക്കൊണ്ടും ഫലപ്രദമായി നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുള്ള പദ്ധതിയിൽ കാര്യമായ മാറ്റങ്ങൾ വരുത്തിയുള്ള ഒരു പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നാളികേര വികസന ബോർഡുമായി ചേർന്നും പുതിയൊരു പ്രോജക്ട് നടപ്പിലാക്കാൻ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ